URGENT

നം: ഇഇ2/20905/08/പാർട്ട് IV

ചീഫ് എഞ്ചിനീയരുടെ കാര്യാലയം,
പൊതുമരാമത്ത് വകുപ്പ് ഭരണ വിഭാഗം,
തിരുവനന്തപുരം,
തീയതി: 25/07/2012

# സർക്കുലർ

വിഷയം: പൊ.മ.വ- ജീവനക്കാര്യം- 10 വർഷം പൂർത്തിയാക്കിയ എസ്.എൽ.ആർ ജീവനക്കാരെ സ്ഥിരപ്പെടുത്തിയത് സ്പഷ്ടീകരണം സംബന്ധിച്ച്

സൂചന: 1. 27/12/2011 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 79/2011/പൊ.മവ
2. 26/04/2012 തീയതിയിലെ സർക്കാർ കത്ത് നമ്പർ 3483/ബി1/12/പൊ.മ.വ

*******

സൂചന (1) പ്രകാരമുള്ള സർക്കാർ ഉത്തരവ് അനുസരിച്ച് സ്ഥിരപ്പെടുത്തിയ എസ്.എൽ.ആർ ജീവനക്കാരുടെ 01/01/2011 മുതൽ റഗുലർ സർവ്വീസിൽ ശമ്പളം നിജപ്പെടുത്തുന്നതിനെപ്പറ്റി പല സംശയങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ ഉന്നയിച്ചിരുന്നതിനാൽ ഇതു സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. 27/12/11-ലെ സർക്കാർ ഉത്തരവ് നമ്പർ 79/11 അനുസരിച്ച് 01/01/11 മുതൽ വർക്കറായി സ്ഥിരപ്പെടുത്തിയ എസ്.എൽ.ആർ ജീവനക്കാർ 26/02/2011 തീയതിയിലെ ശമ്പള പരിഷ്ക്കരണ ഉത്തരവ് നമ്പർ ജി.ഒ.(പി) നമ്പർ 85/11/ഫിൻ തീയതി 26/02/2011 അനുസരിച്ച് 8500-13210 ശമ്പള സ്കെയിലിനാണ് അർഹതയുള്ളത്. 01/01/2011-ൽ വാങ്ങുന്ന ശമ്പളത്തിനോടു കൂടി 64% ഡി.എ.യും മിനിമം ഫിറ്റ്മെന്റ് ബെനിഫിറ്റായ 1000 രൂപയ്ക്കുമേ അർഹതയുള്ളൂ. എസ്.എൽ.ആർ. സർവ്വീസ് റഗുലർ സർവ്വീസിലെ പേ ഫിക്സേഷന് വെയിറ്റേജിന് കണക്കാക്കുകയില്ല. 01/01/11 മുതൽ റഗുലർ ജീവനക്കാരുടെ ഡി.എ. എൺഡ് ലീവ് തുടങ്ങിയ എല്ലാ ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്.

2. 01/01/11 മുതൽ റഗുലർ ജീവനക്കാർക്ക് അർഹതപ്പെട്ട 08/16/15/23/22/27 എന്നീ സമയബന്ധിത ഹയർഗ്രേഡിന് അർഹതയുണ്ട്. ഹയർഗ്രേഡുകൾ അനുവദിക്കുന്നതിനായുള്ള അനുബന്ധ രേഖകൾ സഹിതം ഈ ഓഫീസിൽ അയച്ചു തരേണ്ടതാണ്.

3. മിനിമം പെൻഷന് ആവശ്യമായ 10 വർഷം Qualified service പെൻഷനാകുന്ന കാലയളവിൽ തികഞ്ഞില്ലെങ്കിൽ മുൻകാല സർവ്വീസായ സി.എൽ.ആർ/എസ്.എൽ.ആർ സർവ്വീസ് എന്നിവ കൂടി കണക്കിലെടുത്ത് 10 വർഷം പൂർത്തീകരിക്കാവുന്നതാണ്. അതായത് വർക്കർ തസ്തികയിൽ 10 വർഷം പൂർത്തീകരിച്ചിട്ടില്ലെങ്കിൽ 10 വർഷം തികക്കാൻ ആവശ്യമായ സി.എൽ.ആർ/എസ്.എൽ.ആർ സർവ്വീസ് മാത്രമേ കണക്കിലെടുക്കാവൂ. ഗ്രാറ്റുവിറ്റിക്ക് എസ്.എൽ.ആർ സർവ്വീസും കണക്കാക്കാവുന്നതാണ്. 01/01/11 മുതൽ മാത്രമേ എൺഡ് ലീവിന് അർഹതയുള്ളൂ. ടെർമിനൽ സറണ്ടർ, കമ്മ്യൂട്ടേഷൻ, ഫാമിലി പെൻഷൻ തുടങ്ങിയവയ്ക്ക് കെ.എസ്.ആർ അനുസരിച്ച് അർഹതയുള്ളൂ.

എസ്.എൽ.ആർ ജീവനക്കാരുടെ 01/07/2009 മുതലുള്ള ശമ്പളപരിഷ്കരണം സർക്കാരിന്റെ പരിഗണനയിലാണ്.

ചീഫ് എഞ്ചിനീയർ

പകർപ്പ്:

സൂപ്രണ്ടിംഗ് എഞ്ചിനീയർ, കെട്ടിടവിഭാഗം
" നിരത്തുവിഭാഗം
" ദേശീയപാതകൾ വിഭാഗം
ഐ.റ്റി.സെൽ, അധികകോപ്പി